പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 5739 — 29.07.2015-ൽ മറുപടിക്ക്.

## വെള്ളരിക്കുണ്ട് ആസ്ഥാനമായി ഫയർ & റസ്ക്യൂ സ്റ്റേഷൻ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഇ. ചന്ദ്രശേഖരൻ | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) വെള്ളരിക്കുണ്ട് താലൂക്ക് പരിധിയിലെ പ്രദേശങ്ങൾക്ക് സൗകര്യപ്രദമായി വെള്ളരിക്കുണ്ട് ആസ്ഥാനമായി ഫയർ & റസ്ക്യൂ സ്റ്റേഷൻ സ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) എങ്കിൽ ഇതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ? | : (എയും, ബിയും)<br><br>ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 21.12.2011 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 3764/2011/ആഭ്യന്തരം, പ്രകാരം അംഗീകരിച്ച് പ്രസിദ്ധീകരിച്ച, അടുത്ത 5 വർഷങ്ങൾക്കുള്ളിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന ഫയർ സ്റ്റേഷനുകളുടെ പട്ടികയിലും, പുതിയ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര ഗവൺമെന്റ് നിയോഗിച്ച ഏജൻസിയായ ആർ.എം.എസ്.ഐ. നടത്തിയ പഠനത്തിലും വെള്ളരിക്കുണ്ടിലെ ഫയർ സ്റ്റേഷൻ ഉൾപ്പെട്ടിട്ടില്ല. കൂടാതെ നിലവിൽ സ്വന്തമായി സ്ഥലവും കെട്ടിടവും ലഭ്യമായ സ്ഥലങ്ങളിൽ മാത്രമേ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് മുൻഗണന നൽകി വരുന്നുള്ളൂ. എന്നിരുന്നാലും ഈ വിഷയത്തിൻമേൽ വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഫയർ ആന്റ് റെസ്ക്യൂ വകുപ്പ് കാസർഗോഡ് അസിസ്റ്റന്റ് ഡിവിഷണൽ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഭൂമി ലഭ്യത മറ്റ് അനുബന്ധ സൗകര്യങ്ങൾ എന്നിവ സംബന്ധിച്ച് റിപ്പോർട്ട് നൽകാനായി വെള്ളരിക്കുണ്ട് തഹസീൽദാരുമായി ബന്ധപ്പെട്ടിട്ടുണ്ട്. തഹസീൽദാരുടെ റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് ഈ വിഷയം സർക്കാർ പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ